# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 3824

26.06.2012-ൽ മറുപടിക്ക്.

### കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ചേർത്തലയിൽ പള്ളിപ്പുറത്തു പ്രവർത്തിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനും അതിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനും ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം അനുസരിച്ച് കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് എന്ന കമ്പനിയിലെ തൊഴിലാളികളെ പിരിച്ചയച്ചതിനുശേഷമാണ് സർക്കാർ കെ.എസ്.ഐ.ഡി.സി.ക്ക് കമ്പനി കൈമാറിയത്. കേരള, കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് എന്ന കമ്പനി ഇപ്പോൾ നിലവിലില്ല. |
| (ബി) സർക്കാർ ഈ സ്ഥാപനം കെ.എസ്.ഐ.ഡി.സിക്ക് കൈമാറിയത് എന്തിനായിരുന്നുവെന്നും പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈകൊണ്ടുവെന്നും വ്യക്തമാക്കുമോ;<br><br>(സി) കേരള കൺസ്ട്രഷൻ കമ്പോണന്റ്സ് എന്ന സ്ഥാപനത്തിൽ അവശേഷിക്കുന്ന സൗകര്യങ്ങളും തൊഴിലാളികളെയും വിനിയോഗിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്താവുന്ന ഒരു പുതിയ സംരംഭം ആരംഭിക്കുവാൻ സർക്കാർ തയ്യാറാവുമോയെന്ന് വ്യക്താമാക്കുമോ? | (ബി)& (സി) കമ്പനിയുടെ അടിസ്ഥാനസൗകര്യങ്ങളുപയോഗിച്ച് പ്രായോഗികമായ പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ടിയാണ് സർക്കാർ ഈ സ്ഥാപനം കെ.എസ്.ഐ.ഡി.സിയ്ക്ക് കൈമാറിയത്. ഈ സ്ഥാപനത്തിന്റെ നിലവിലുള്ള ജപ്തി നടപടിയടക്കമുള്ള കടബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ